**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3036** **28-02-2023 - ൽ മറുപടിയ്ക്ക്**

**യുവജന കമ്മീഷൻ അധ്യക്ഷയുടെ ഔദ്യോഗിക കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷൻ/ അധ്യക്ഷയുടെ ഔദ്യോഗിക കാലാവധി എത്രയാണ്; പ്രസ്തുത തസ്തികയിൽ പുനർനിയമനത്തിന് അർഹതയുണ്ടോ; | (എ) | 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിന്റെ വകുപ്പ് 4(1) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങൾക്കും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് വർഷക്കാലം ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്. എന്നാൽ, ചെയർപേഴ്സൺ, തന്റെ പിൻഗാമി നിയമിക്കപ്പെടുകയും ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുകയും ചെയ്യുന്നതുവരെയോ അല്ലെങ്കിൽ ആറുമാസത്തേക്കോ, ഏതാണോ ആദ്യം അതുവരെ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതാണ്. പ്രസ്തുത ആക്റ്റിന്റെ വകുപ്പ് 4(6) പ്രകാരം ചെയർപേഴ്സണോ ഒരംഗത്തിനോ രണ്ടിൽ കൂടുതൽ തവണ ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിന് അർഹതയില്ലാത്തതാകുന്നു. |
| (ബി) | നിലവിലെ അധ്യക്ഷയെ നിയമിച്ചത് എന്നാണ്; നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | കേരള സംസ്ഥാന യുവജന കമ്മീഷന്റെ നിലവിലെ അധ്യക്ഷയെ നിയമിച്ചത് 04.10.2016-ലെ സ.ഉ (സാധാ) നം.209/16/കാ.യു.വ പ്രകാരമാണ്. നിലവിലെ അധ്യക്ഷയ്ക്ക് 01.01.2020-ലെ സ.ഉ. (അച്ചടി)നം.1/2020/കാ.യു.വ (എസ്.ആർ.ഒ നം.5/2020 തീയതി 04.01.2020) പ്രകാരം പുനർനിയമനം നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | നിലവിലെ അധ്യക്ഷയ്ക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | (ബി) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

## സംഗ്രഹം

കായിക യുവജനകാര്യ വകുപ്പ് - കേരള സംസ്ഥാന യുവജന കമ്മീഷൻ - കുമാരി ചിന്താ ജെറോമിനെ ചെയർപേഴ്സണായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കായിക യുവജനകാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.209/16/കായുവ. തിരുവനന്തപുരം, തീയതി .04.10.2016

---

**പരാമർശം** 1. സ.ഉ(സാധാ) നം. 134/13/കാ.യു.വ തീയതി 20.07.2013
2. 26.09.2016 തീയതിയിലെ കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറിയുടെ നം.530/എ 3/2016/കേ.സം.യു.ക നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന യുവജന കമ്മീഷന്റെ ചെയർ പേഴ്സണായി അഡ്വ. ആർ.വി രാജേഷ് പരാമർശം 1 പ്രകാരം നിയമിതനാവുകയും, ടിയാൻ 2016 ആഗസ്റ്റ് മാസം 31 ന് രാജി സമർപ്പിച്ച് സേവനത്തിൽ നിന്നും വിരമിച്ച എന്നും കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ പൊതുവായ മേൽനോട്ടം, മാർഗ്ഗനിർദ്ദേശം, ഭരണ നിർവ്വഹണം എന്നിവ ചെയർപേഴ്സണിൽ നിക്ഷിപ്തമായതിനാൽ അടിയന്തിരമായി പുതിയ കമ്മീഷൻ ചെയർപേഴ്സൺ നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കണമെന്നും സൂചന (2) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

(2) മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കുമാരി ചിന്താ ജറോംനെ (ചിന്താ ലാൻഡ്, ദിവ്യാ നഗർ, പട്ടത്താനം പി.ഒ, കൊല്ലം) കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.പി.എം. മുഹമ്മദ് ഹനീഷ്
ഗവ. സെക്രട്ടറി

കുമാരി. ചിന്താ ജറോം, ചിന്താ ലാൻഡ്, ദിവ്യാ നഗർ, പട്ടത്താനം പി.ഒ, കൊല്ലം
ഡയറക്ടർ,കായികയുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള യൂത്ത് കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി ആർഡി, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. വ്യവസായവും കായിക യുവജനകാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
കായിക യുവജനകാര്യ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്.

©
**കേരള സർക്കാർ**
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 9**<br>Vol. IX | **തിരുവനന്തപുരം, ശനി**<br>Thiruvananthapuram, Saturday | **2020 ജനുവരി 04**<br>04th January 2020<br>**1195 ധനു 19**<br>19th Dhanu 1195<br>**1941 പൌഷം 14**<br>14th Pousha 1941 | **നമ്പർ**<br>No. | **24** |

കേരള സർക്കാർ

**കായിക യുവജനകാര്യ (ബി) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി)നം.1/2020/കാ.യു.വ *തിരുവനന്തപുരം,2020 ജനുവരി 1*

**എസ്. ആർ. ഒ. നമ്പർ 5/2020**

2014 -ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിലെ (2014-ലെ 6) 3-ാം വകുപ്പ് (2)-ഉം (3)-ഉം (4)-ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കേരള സർക്കാർ, 2014 മേയ് 27-ാം തീയതിയിലെ സ.ഉ.(അച്ചടി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ.20/2014/കാ.യു.വ. നമ്പരായി പുറപ്പെടുവിച്ചതും 2014 മേയ് 28-ാം തീയതിയിലെ 1359-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 323/2014 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന യുവജന കമ്മീഷന്റെ ചെയർപേഴ്സണായി കുമാരി ചിന്താ ജെറോമിനെ, ചിന്താ ലാന്റ്, ദിവ്യാ നഗർ, പട്ടത്താനം പി.ഒ., കൊല്ലം, നിയമിച്ചുകൊണ്ട് പ്രസ്തുത വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത് :–

**ഭേദഗതി**

മേൽപറഞ്ഞ വിജ്ഞാപനത്തിൽ ക്രമനമ്പർ 1-ന് എതിരെയുള്ള ഉൾക്കുറിപ്പുകൾക്കു പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത് :–

"കുമാരി ചിന്താ ജെറോം – ചെയർപേഴ്സൺ.
ചിന്താ ലാന്റ്, ദിവ്യാ നഗർ,
പട്ടത്താനം പി.ഒ., കൊല്ലം. "

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. എ. ജയതിലക്, ഐ.എ.എസ്.,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2014 - ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിലെ (2014-ലെ 6) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കേരള സർക്കാർ, 2014

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേയ് 27-ാം തീയതിയിലെ സ.ഉ(അച്ചടി)നമ്പർ.20/2014/കാ.യു.വ.നമ്പരായി പുറപ്പെടുവിച്ചതും 2014 മേയ് 28-ാം തീയതിയിലെ 1359-ാംനമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 323/2014 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ രൂപീകരിച്ചു. കമ്മീഷന്റെ ചെയർപേഴ്സണായി കുമാരി ചിന്താ ജെറോമിനെ നിയമിച്ചുകൊണ്ട് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2020.01.04 07:51:06 +05:30